# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3050** — **11.12.2014-ന് മറുപടിയ്ക്ക്**

## റവന്യൂ ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം

### ചോദ്യം

**ശ്രീ.പി.തിലോത്തമൻ**

റവന്യൂ ഓഫീസുകളിൽ നിന്നും ഓൺലൈനായി ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളും സേവനങ്ങളും കുറ്റമറ്റതാക്കുവാൻ അവശ്യമായ പരിശോധനകളും അന്വേഷണങ്ങളും നടത്തുവാൻ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് പറയാമോ; ഓൺലൈൻ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ ശ്രമിക്കുമ്പോൾ സ്ഥലപരിശോധന, വിവരാന്വേഷണം, രേഖകൾ പരിശോധിക്കൽ, പ്രാദേശികാന്വേഷണം എന്നിവ കൂടുതലായി വേണ്ടിവരുമെന്നതിനാൽ അതിനായി കൂടുതൽ ജീവനക്കാരെ വില്ലേജ് ഓഫീസുകളിൽ നിയമിക്കുകയോ മെച്ചപ്പെട്ട സാങ്കേതിക സംവിധാനങ്ങൾ റവന്യൂ ഓഫീസുകളിൽ ഒരുക്കുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

### ഉത്തരം

**ശ്രീ. അടൂർ പ്രകാശ്**
**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

നിലവിൽ ഒരു വില്ലേജിൽ ഒരു കമ്പ്യൂട്ടർ അല്ലെങ്കിൽ ഒരു ലാപ്ടോപ് എന്ന് പ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇ-ഡിസ്ട്രിക്ട് സോഫ്റ്റ് വെയറിൽ നടപ്പിലാക്കിയിട്ടുള്ള Scrutiny, Verification. Approval എന്നീ മൂന്ന് തലങ്ങളും ഒരു കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തിവരുന്നത്. സർട്ടിഫിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്. എല്ലാ ജില്ലാ അക്ഷയ കോർഡിനേറ്റർമാരോടും അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സാങ്കേതികമായ സഹായം ലഭ്യമാക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാ കളക്ടർക്ക് ശുപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ നടപ്പിലാക്കിയ ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നു തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും, ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നു കഴിഞ്ഞിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ചാണ് വിവരാന്വേഷണവും പരിശോധനകളും നടത്തുന്നത്. കൂടുതൽ ജീവനക്കാരെ വില്ലേജ് ഓഫീസുകളിൽ നിയമിക്കുന്നതിനും മെച്ചപ്പെട്ട സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതും സംബന്ധിച്ച വർക്ക് സ്റ്റഡി റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

Chelsala. S. D

സെക്ഷൻ ഓഫീസർ.

Y